അനധികൃതമായി നികത്തപ്പെട്ട നെൽവയലുകളും തണ്ണീർത്തടങ്ങളും

155(1221) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി നികത്തപ്പെട്ട നെൽവയലുകളും തണ്ണീർത്തടങ്ങളും ക്രമവൽക്കരിച്ചു നല്കുന്നതിനുള്ള തീരുമാനം സംസ്ഥാനത്തെ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും വിസ്തൃതി ഗണ്യമായി കുറയുന്നതിന് കാരണമാകുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(ബി) 2008 ആഗസ്റ്റ് 12-ന് മുമ്പ് നികത്തപ്പെട്ട ഭൂമിയാണോ എന്ന് പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ;

(സി) സംസ്ഥാനത്ത് കരട് ഡാറ്റാ ബാങ്കിൽ നിക്ഷിപ്തമായ അളവ് എത്രയാണ്; ഡാറ്റാ ബാങ്കിന്റെ പ്രവർത്തനം നിലവിൽ നടക്കുന്നുണ്ടോ;

(ഡി) അനധികൃതമായി നികത്തിയ ഭൂമി ക്രമവല്ക്കരിക്കുന്നതിന്റെ മറവിൽ തണ്ണീർത്തടങ്ങളും കൃഷിഭൂമിയും തരംമാറ്റപ്പെടാനുള്ള സാദ്ധ്യത കണക്കിലെടുത്തിട്ടുണ്ടോ; ഇത് അഴിമതിക്ക് കാരണമാകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തെ അപ്രസക്തമാക്കുന്നതും കൃഷിഭൂമി ഭൂമാഫിയകൾക്ക് തീറെഴുതുന്നതുമായ സർക്കാർ വിജ്ഞാപനം പിൻവലിക്കുന്നതിനും നടപടി പുനഃപരിശോധിക്കുന്നതിനും തയ്യാറാകുമോ?

ഉത്തരം

(എ) 12-8-2008-നുമുമ്പ് അനധികൃതമായി നികത്തിയ നെൽവയലുകൾ മാത്രം ക്രമവൽക്കരിച്ച് നൽകുന്നതിനുള്ള തീരുമാനമാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. ആയതിനാൽ G.O. (P) 611/2015/RD പ്രകാരം നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ പ്രതിപാദിക്കുന്ന ഡാറ്റാബാങ്കിൽ ഉൾപ്പെട്ട നിലവിലുള്ള നെൽവയലുകളോ തണ്ണീർത്തടങ്ങളോ നികത്തുവാനോ ക്രമവൽക്കരിക്കാനോ സാധിക്കുകയില്ല.

(ബി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം 12-8-2008-ന് നിലവിലുള്ള നെൽവയലുകൾ, തണ്ണീർത്തടങ്ങൾ എന്നിവ ഡാറ്റാബാങ്കിൽ ഉൾപ്പെടുത്തേണ്ടതാണ്. ഡാറ്റാബാങ്കിൽ ഇപ്രകാരം ഉൾപ്പെടാത്ത ഭൂമിയാണ് 12-8-2008-ന് മുമ്പ് നികത്തിയതായി കണക്കാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടുള്ളത് പഞ്ചായത്തുകൾ അടിസ്ഥാനമാക്കിയാണ്. ആയത് തയ്യാറാക്കുന്നതിനുള്ള അധികാരം കൃഷി ഓഫീസർ കൺവീനറായ പ്രാദേശികതല നിരീക്ഷണ സമിതികളിൽ നിക്ഷിപ്തമാണ്. ആയതിനാൽ ഡാറ്റാബാങ്കിൽ നിക്ഷിപ്തമായ അളവ് എത്രയെന്നത് റവന്യൂ വകുപ്പിൽ ക്രോഡീകരിച്ചിട്ടില്ല.

(ഡി) ക്രമവൽക്കരണത്തിന്റെ മറവിൽ നിലവിലുള്ള തണ്ണീർത്തടങ്ങളും കൃഷിഭൂമിയും തരം മാറ്റാൻ സാധിക്കുകയില്ല. 12.08.2008-ന് മുമ്പ് അനധികൃതമായി നികത്തിയ നെൽവയലുകൾക്ക് മാത്രമേ ക്രമവൽക്കരണം ബാധകമാകുകയുള്ളൂ.

(ഇ) നിലവിൽ ഇത് സംബന്ധിച്ച യാതൊരു നടപടിക്രമങ്ങളും അനുവർത്തിക്കുന്നില്ല.

ചെറുവണ്ണൂർ-കൊളത്തറ റോഡ്

156(1222) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ ചെറുവണ്ണൂർ - കൊളത്തറ റോഡ് വീതികൂട്ടാൻ ഭൂമി ഏറ്റെടുക്കൽ ഏത് ഘട്ടത്തിലാണ്;

(ബി) ഈ ആവശ്യത്തിന് സർക്കാർ എത്ര പണം അനുവദിച്ചിട്ടുണ്ട്;

(സി) ഭൂമി ഏറ്റെടുക്കൽ എന്നത്തേക്ക് പൂർത്തിയാവും?

ഉത്തരം

(എ) ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് പുതിയ എൽ.എ.ആർ.ആർ. (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013) ആക്ട് നിലവിൽവന്ന സാഹചര്യത്തിൽ പ്രസ്തുത ആക്ട് അനുസരിച്ചുള്ള അർത്ഥന സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 13,05,07,451 രൂപ.

(സി) പുതിയ എൽ.എ.ആർ.ആർ. (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013) പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly